**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **09-08-2023 - ൽ മറുപടിയ്ക്ക്**

**ടോട്ടക്സ് സ്മാർട്ട് മീറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി മേഖലയിൽ ടോട്ടക്സ് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | RDSS പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഏകദേശം 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനു വേണ്ടി Design Build Finance Own Operate Transfer (DBFOOT) അടിസ്ഥാനത്തിൽ TOTEX രീതിയിൽ ടെണ്ടർ ക്ഷണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ L1 bidder quote ചെയ്തിരുന്ന തുക Probable Amount of Contract (PAC) യെക്കാൾ 44.8 % കൂടുതലായിരുന്നു. ഇത് സാധാരണക്കാരിൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുമെന്നതിനാൽ KSEBL വിളിച്ച ടെൻഡർ റദ്ദാക്കുവാനും സാധാരണക്കാരെ ബാധിക്കാത്ത തരത്തിലുള്ള ടോട്ടക്സിന് ബദലായുള്ള സ്മാർട്ട് മീറ്റർ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി മൂന്ന് മാസത്തിനകം നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാനും KSEBL - ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള തുടർ നടപടികൾ KSEBL സ്വീകരിച്ചു വരുന്നു. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ 15.07.2023 മുതൽ മൂന്ന് മാസത്തെ സാവകാശം അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് 08.07.2023 ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ ഘട്ടത്തിന്റെ സമയപരിധി മൂന്ന് മാസം ദീർഘിപ്പിക്കാൻ ബഹു. കേന്ദ്ര വൈദ്യുതി വകുപ്പ് മന്ത്രിയോട് 26.07.2023 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു മൂലം വൈദ്യുതി ഉപഭോക്താക്കൾക്ക് ഏതു തരത്തിലുള്ള അധിക തുകയാണ് അടയ്ക്കേണ്ടി വരുന്നത്; വിശദമാക്കാമോ; | (ബി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് വേണ്ട ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തതിനു ശേഷം മാത്രമേ പദ്ധതിയുടെ കൃത്യമായ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ. തുടർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ KSEBL ന് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളും |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടു കൂടി ആണ് താരിഫ് നിശ്ചയിക്കേണ്ടത് ഇതിന് ശേഷം മാത്രമേ ഉപഭോക്താവിനു വരാവുന്ന അധിക തുക, സർക്കാരിനു വന്നേക്കാവുന്ന അധിക ചെലവ് എന്നിവ സംബന്ധിച്ച കാര്യങ്ങൾ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു മൂലം സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക ചെലവ് എത്രയാണെന്ന് വിശദമാക്കാമോ? | (സി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് വേണ്ട ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തതിനു ശേഷം മാത്രമേ പദ്ധതിയുടെ കൃത്യമായ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ. തുടർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ KSEBL ന് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളും കണക്കിലെടുത്ത് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടു കൂടി ആണ് താരിഫ് നിശ്ചയിക്കേണ്ടത് ഇതിന് ശേഷം മാത്രമേ ഉപഭോക്താവിനു വരാവുന്ന അധിക തുക, സർക്കാരിനു വന്നേക്കാവുന്ന അധിക ചെലവ് എന്നിവ സംബന്ധിച്ച കാര്യങ്ങൾ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ